LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംയോജിത ശിശുവികസന പദ്ധതി (ഐ.സി.ഡി.എസ്.) പ്രകാരം അങ്കണവാടികൾ വഴി വിതരണം ചെയ്യേണ്ട ഭക്ഷ്യവസ്തുക്കൾ വാങ്ങലിലും വിതരണത്തിലും അഴിമതി നടക്കുന്നു എന്നതുമായി ബന്ധപ്പെട്ട് 4-10-2019-ന് സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ വെൽഫെയർ' എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധനകളിൽ ചില അങ്കണവാടികളിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) അങ്കണവാടികൾ വഴി വിതരണം ചെയ്യേണ്ട ഭക്ഷ്യവസ്തുക്കളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ ചില അങ്കണവാടികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യഥാസമയം പരിശോധിക്കുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഐ.സി.ഡി.എസ്.-ന്റെ കൈവശം സൂക്ഷിക്കുന്ന രജിസ്റ്ററുകളും അങ്കണ വാടികളിലുള്ള രജിസ്റ്ററുകളും ശരിയായ രീതിയിൽ അപ്ഡേറ്റ് ചെയ്യുന്നില്ലെന്നും കണ്ടെത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) മിന്നൽ പരിശോധന റിപ്പോർട്ടുകൾ ബ്യൂറോയുടെ യൂണിറ്റ് ഓഫീസുകളിൽ തയ്യാറായിവരുന്നുണ്ട്. ആയത് ലഭിച്ച് സൂക്ഷ്മപരിശോധന നടത്തിയാൽ മാത്രമെ കൃത്യമായ ക്രമക്കേടുകളും അഴിമതികളും കണ്ടെത്താൻ സാധിക്കുകയുള്ളൂ.

**ഖനനാനുമതിക്കുവേണ്ടിയുള്ള അപേക്ഷകളിന്മേൽ വിജിലൻസ് വകുപ്പിന്റെ ഇടപെടൽ**

128 (T5534) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ മണൽ, പാറ, കളിമണ്ണ് ഖനനാനുമതിയ്ക്ക് വേണ്ടിയുള്ള അപേക്ഷകളിന്മേൽ വിജിലൻസ് വകുപ്പ് ഇടപെടൽ നടത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി തലത്തിൽ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര യോഗങ്ങൾ എവിടെയെല്ലാം വച്ച് ചേർന്നുവെന്നും പ്രസ്തുത യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(ബി) അപ്രകാരമുള്ള യോഗങ്ങൾ വിളിച്ചു ചേർക്കാൻ ഇടയായ സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി)ഈ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി തലത്തിൽ യോഗം വിളിച്ചുചേർത്തിട്ടില്ല.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.